ചലച്ചിത്ര വികസന കോർപ്പറേഷനിലെ 2-ാം ഗ്രേഡ് അസിസ്റ്റന്റ് നിയമനത്തിന് നടത്തിയ എഴുത്ത് പരീക്ഷാ ചോദ്യത്തിലെ തെറ്റ്

22 (2125) ശ്രീമതി രാധാരാഘവൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചലച്ചിത്ര വികസന കോർപ്പറേഷനിൽ 2-ാം ഗ്രേഡ് അസിസ്റ്റന്റ് നിയമനത്തിന് നടത്തിയ എഴുത്തുപരീക്ഷയുടെ ചോദ്യ കടലാസ്സിൽ തെറ്റു കടന്നുകൂടിയിരുന്നുവോ എന്നറിയിക്കാമോ ;

(ബി) പ്രസ്തുത ചോദ്യക്കടലാസ്സിൽ ലോക്സഭാ സ്പീക്കർ ആര് എന്ന ചോദ്യമുണ്ടായിരുന്നുവോ ;

(സി) എങ്കിൽ ആ ചോദ്യത്തിനെതിരെ കൊടുത്തിരുന്ന പേരുകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) അതിൽ ഏതാണ് ശരിയെന്ന് വിശദമാക്കുമോ ;

(ഇ) കമ്പ്യൂട്ടർ വാല്യൂവേഷനിൽ ഇതിൽ ഏത് ശരി എന്ന നിലയിലാണ് ശരിയുത്തരത്തിന് മാർക്ക് ഫീഡ് ചെയ്തതെന്നും ഇതിന് എത്ര മാർക്കാണുണ്ടായിരുന്നതെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ 2-ാം ഗ്രേഡ് അസിസ്റ്റന്റുമാരായി നിയമിക്കുന്നതിന് നടത്തിയ എഴുത്ത് പരീക്ഷയുടെ ചോദ്യപേപ്പറിലെ അപാകതകൾ

23 (T 2126) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ 2-ാം ഗ്രേഡ് അസിസ്റ്റന്റുമാരായി നിയമിക്കുന്നതിന് നടത്തിയ എഴുത്ത് പരീക്ഷയുടെ ഉത്തരക്കടലാസ് കമ്പ്യൂട്ടർ മുഖേനയാണോ മൂല്യനിർണ്ണയം ചെയ്യുന്നത് എന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പരീക്ഷയുടെ ചോദ്യ പേപ്പറിൽ രേഖപ്പെടുത്തിയ ആൽഫാ കോഡിൽ അപാകതകൾ കടന്നുകൂടുകയുണ്ടായോ ;

(സി) ഓരോ ആൽഫാ കോഡിലുംപെട്ടവർക്ക് വ്യത്യസ്ത ക്രമത്തിലുള്ള ചോദ്യങ്ങളാണോ നൽകാറുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) ഹാൾ ടിക്കറ്റിൽ പ്രസ്തുത ആൽഫാ കോഡ് രേഖപ്പെടുത്തിയിരുന്നുവോ എന്നും ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച ചോദ്യപേപ്പറിലെ ആൽഫാ കോഡും ഹാൾടിക്കറ്റിലെ ആൽഫാ കോഡും വ്യത്യസ്തമായിരുന്നുവോയെന്നും വ്യക്തമാക്കുമോ ;

(ഇ) ഇതുമൂലം ചോദ്യങ്ങളുടെയും ഉത്തരങ്ങളുടെയും ക്രമം മാറിയിട്ടുണ്ടോ ;

(എഫ്) തന്മൂലം ഉദ്യോഗാർത്ഥിക്ക് ലഭിക്കുന്ന മാർക്കിൽ സാരമായ കുറവ് വരുമോ ;

(ജി) ഹാൾ ടിക്കറ്റിലും ചോദ്യപേപ്പറിലും ഒരേ ആൽഫാ കോഡ് ലഭിക്കുന്ന ഏതാനും പേർക്ക് ഉയർന്ന റാങ്ക് കിട്ടുവാനും ശരിയുത്തരം എഴുതിയാൽപോലും ഹാൾടിക്കറ്റിലേയും ചോദ്യക്കടലാസിലേയും ആൽഫാ കോഡ് വ്യത്യാസപ്പെട്ടവരുടെ കാര്യത്തിൽ കുറഞ്ഞ റാങ്കുകിട്ടാനും ഇതിടയാക്കുമോ ;

(എച്ച്) ഇപ്രകാരം സംഭവിച്ചത് മനഃപൂർവമായാണോ എന്ന് അന്വേഷിക്കുമോ ;

(ഐ) പി.എസ്.സി.-യുടെ പരിപാവനതയ്ക്ക് തകരാറ് വരുത്തുന്ന ഇത്തരം ന്യൂനതകളില്ലാതാക്കുവാൻ പര്യാപ്തമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി-ഐ) വിവരം ശേഖരിച്ചുവരുന്നു.

വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി.ടൈപ്പിസ്റ്റ് നിയമനം

24 (2127) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ എൽ.ഡി.ടൈപ്പിസ്റ്റ് നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റിന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം ജില്ലയിലുള്ള എൽ.ഡി. ടൈപ്പിസ്റ്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly